പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1640 **16-10-2026-ൽ മറുപടിയ്ക്ക്**

എറണാകുളം നഗരത്തിലെ ട്രാഫിക് സിഗ്നൽ ലൈറ്റുകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. ജെ. വിനോദ് ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

(എ) എറണാകുളം നഗരത്തിലെ സിഗ്നൽ ലൈറ്റുകളെല്ലാം പ്രവർത്തിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ ഏതൊക്കെ ജംഗ്ഷനുകളിലാണ് സിഗ്നലുകൾ പ്രവർത്തനരഹിതമായിട്ടുള്ളത് എന്ന് അറിയിക്കാമോ;

മറുപടി: നിലവിൽ കൊച്ചി സിറ്റിയിലെ സിഗ്നലുകളിൽ ചിറ്റൂർ റോഡ് രാജാജി റോഡ് ജംഗ്ഷനിൽ സ്ഥാപിച്ചിരുന്ന സിഗ്നൽ ഒഴികെ ബാക്കി എല്ലാം തന്നെ പ്രവർത്തനക്ഷമമാണ്. ചിറ്റൂർ രാജാജി റോഡിലെ സിഗ്നൽ ബസ് ഇടിച്ച് പ്രവർത്തനരഹിതമായിട്ടുള്ളതാണ്. കടാതെ ഹൈക്കോർട്ട് ജംഗ്ഷനിലെയും, ജില്ലാ ആശുപത്രി ജംഗ്ഷനിലെയും ഗാന്ധിനഗർ ജംഗ്ഷനിലെയും സിഗ്നലുകൾ ബ്ലിങ്കർ സംവിധാനത്തിലാണ് പ്രവർത്തിക്കുന്നത്. പോലീസ് ക്ലബ്ബ് ജംഗ്ഷനിലെ സിഗ്നലുകൾ ഓഫ് ചെയ്ത് പോലീസ് ഉദ്യോഗസ്ഥർ മാനുവൽ ആയിട്ടാണ് വാഹനങ്ങൾ കടത്തി വിടുന്നത്.

(ബി) തേവര ജംഗ്ഷനിലെ ട്രാഫിക് സിഗ്നൽ പ്രവർത്തനരഹിതമായത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

മറുപടി: തേവര ജംഗ്ഷനിലെ സിഗ്നൽ നിലവിൽ പ്രവർത്തനക്ഷമമാണ്. എന്നാൽ തേവര ഫെറി ജംഗ്ഷനിലെ സിഗ്നൽ സോളാർ സംവിധാനം ഉപയോഗിച്ചാണ് പ്രവർത്തിക്കുന്നത്. ടി സ്ഥലത്ത് കുറച്ച് നാളുകൾക്ക് മുൻപ് ബാറ്ററി പ്രവർത്തനരഹിതമായതിനാൽ സിഗ്നൽ സംവിധാനം തകരാറിലായിരുന്നു. എന്നാൽ പിന്നീട് ബാറ്ററി മാറ്റി വെച്ച് പ്രശ്നം പരിഹരിച്ചിട്ടുള്ളതാണ്. കൂടാതെ ഏതാനും മാസം മുമ്പ് തേവര ഫെറി സിഗ്നൽ പോസ്റ്റിൽ വാഹനം ഇടിച്ചതിനെ തുടർന്ന് കുറച്ച് ദിവസം പ്രവർത്തനം നിലച്ചിരുന്നതും പിന്നീട് നന്നാക്കി ഉപയോഗിച്ചു വരുന്നതുമാണ്.

(സി) എറണാകുളം നഗരത്തിലെ ട്രാഫിക് സിഗ്നലുകൾ പ്രവർത്തനരഹിതമായാൽ അവ നന്നാക്കാനുള്ള ഉത്തരവാദിത്തം ആർക്കാണ്; ഇതിനായി എ.എം.സി.(ആന്വൽ മെയിന്റനൻസ് കോൺട്രാക്ട്)നിലവിലുണ്ടോ എന്ന് വിശദമാക്കുമോ?

മറുപടി: കൊച്ചി സിറ്റി പരിധിയിലുള്ള 27 സിഗ്നലുകളിൽ 21 എണ്ണത്തിന്റെ AMC 31.12.2025 വരെ കെൽട്രോൺ ആയിരുന്നു കൈകാര്യം ചെയ്തിരുന്നത്. എന്നാൽ 31.12.2025 തിയ്യതിയിൽ AMC കാലാവധി അവസാനിച്ചതിനാൽ പിന്നീട് വരുന്ന തകരാറുകൾ കെൽട്രോൺ പരിഹരിച്ചിട്ടില്ലാത്തതും ആയത് സ്വകാര്യ സ്ഥാപനങ്ങളെക്കൊണ്ട് പണം മുടക്കി റിപ്പയർ ചെയ്യിക്കുകയുമാണ് ചെയ്തു വരുന്നത്.

കൂടാതെ BOT ഈസ്റ്റ് ജംഗ്ഷനിലെ സിഗ്നൽ റിപ്പയർ കാര്യങ്ങൾ നിർവ്വഹിക്കുന്നത് ഡ്രീം ആഡ്സ് കായംകുളം എന്ന സ്ഥാപനമാണ്. തേവര ഫെറിയിലെ സിഗ്നൽ സംവിധാനം ബഹു.എം.പി -യുടെ ആസ്തി വികസന മുഖാന്തിരമാണ് സ്ഥാപിച്ചിട്ടുള്ളത്. ടി സിഗ്നലിന് AMC അനുവദിക്കപ്പെട്ടിട്ടില്ലാത്തതാണ്. സിഗ്നലിന് ആവശ്യമായി വരുന്ന ചെലവുകൾ കൊച്ചി സിറ്റി പോലീസിൽ നിന്നുതന്നെ കൈകാര്യം ചെയ്യുകയാണ് ചെയ്യുന്നത്. കൂടാതെ ആനവാതിൽ, മാടവന, പനങ്ങാട്, ഇടപ്പള്ളി എന്നീ സിഗ്നലുകളുടെ മെയിന്റനൻസും സർവ്വീസും ആക്സിസ് ടെക്നോളജീസ്, കാക്കനാട് സിഗ്നൽ നെസ്റ്റ് ടോക്നോളജീസ് എന്നീ സ്ഥാപനങ്ങളാണ് നടത്തി വരുന്നത്.

സെക്ഷൻ ഓഫീസർ